# Athmaraksha.org

പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം

May 8



## പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം: എട്ടാം തീയതി

'തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല. പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന്, അവർക്ക് വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു' (ലൂക്കാ 2:50-51).

## പരിശുദ്ധ കന്യകാമറിയത്തിൽ പ്രശോഭിച്ചിരുന്ന സുകൃതങ്ങൾ

പരിശുദ്ധ കന്യകയിൽ സകല! സുകൃതങ്ങളും അതിന്റെ ഏറ്റവും വലിയ പൂർണതയിൽ പ്രശോഭിച്ചിരുന്നു. അവളുടെ വിശ്വാസം അജയ്യവും പ്രത്യാശ അചഞ്ചലവും സ്നേഹം തീവ്രഭാവത്തിലായിരുന്നു. ബാല്യകാലത്തിൽ തന്നെ മേരി ഈ സുകൃതങ്ങൾ ഏറ്റവും തീക്ഷ്ണതയോടു കൂടി അഭ്യസിച്ചിരുന്നു. തന്നിമിത്തം പിന്നീടുള്ള ജീവിതത്തിൽ പ്രസ്തുത സുകൃതങ്ങൾ ദിവ്യജനനി പ്രാവർത്തികമാക്കുന്നതു നാം കാണുന്നു.

ഹവ്വാ കന്യകയായിരിക്കുമ്പോൾ തന്നെ സാത്താനെ വിശ്വസിച്ചതിനാൽ അനുസരണരാഹിത്യവും പാപവും അവളിൽ ഉത്ഭവിച്ചു. എന്നാൽ പരിശുദ്ധ കന്യകാമറിയം വിശ്വാസത്തിലും സന്തോഷത്തിലും പരിപൂരിതയായി ഇപ്രകാരം പ്രതിവചിച്ചു: 'നിന്റെ വാക്കുകൾ എന്നിൽ നിറവേറട്ടെ.'. ഇപ്രകാരം പിശാചിന്റെ പ്രവർത്തനങ്ങളെ നശിപ്പിച്ച് മാനവവംശത്തെ നിത്യമരണത്തിൽ നിന്ന്! മോചിപ്പിക്കുവാൻ പരിശുദ്ധ അമ്മ ശ്രദ്ധേയമായ പങ്ക് വഹിച്ചിരിന്നുവെന്ന് സഭാപിതാവായ വി. ജസ്റ്റിൻ പ്രസ്താവിക്കുന്നുണ്ട്.

വിശ്വാസത്തിലൂടെ നാം ദൈവത്തെ അഭിമുഖീകരിച്ച് അവിടുത്തേക്ക് സ്വയം അർപ്പിക്കുന്നു. മേരി തന്റെ അർപ്പണം അതിന്റെ പൂർണതയിൽ നിർവഹിച്ചു. പരിശുദ്ധ കന്യകയുടെ ശരണം എത്ര ശക്തമായിരുന്നു എന്നു നമുക്കു പരിശോധിക്കാം. പന്ത്രണ്ടാമത്തെ വയസ്സിൽ ഈശോയെ കാണാതെ പോയ അവസരത്തിലും കാൽവരിയിലും മേരിയുടെ പ്രത്യാശ വിശുദ്ധ ഗ്രന്ഥം എടുത്തു കാണിക്കുന്നുണ്ട്. കുരിശിൻ ചുവട്ടിൽ നിന്ന അവസരത്തിൽ അവൾ പ്രദർശിപ്പിച്ച ധീരതയും അതിലൂടെ പ്രകടമാക്കിയ പ്രത്യാശയും മാനവകുലത്തിൽ എന്നും

അത്ഭുതജനകമാണ്.
മേരിയുടെ ദൈവസ്നേഹമാണ് ദൈവമാതൃത്വ സ്ഥാനത്തിന് അവളെ പ്രാപ്തയാക്കിയത്. മനുഷ്യാവതാരത്തിനു സമ്മതം നൽകിയതു മുതൽ കാൽവരിയിലെ മഹായജ്ഞം പൂർത്തിയാകുന്നതു വരെ ദൈവത്തോടും മനുഷ്യരോടുമുള്ള അത്യുദാരവും ഉദാത്തവുമായ സ്നേഹത്തിന്റെ പ്രകാശനം പലപ്പോഴും ദൃശ്യമാകുന്നുണ്ട്. നീതി, വിവേകം, ധൈര്യം, വിനയം, സേവനസന്നദ്ധത, അനുസരണം, ശാലീനത, ലാളിത്യം മുതലായ എല്ലാ ധാർമ്മിക സുകൃതങ്ങളും പരിശുദ്ധ കന്യകയിൽ നിറഞ്ഞിരിന്നു.

പരിശുദ്ധ കന്യക ദൈവാലയത്തിൽ പ്രാർത്ഥനയും തപസ്സും അനുഷ്ഠിച്ചു കൊണ്ടാണ് ജീവിച്ചിരുന്നത്. സദാ പ്രാർത്ഥനാ നിരതമായ ജീവിതമാണ് അവൾ നയിച്ചത്. ദൈവികമായ കാര്യങ്ങൾ ധ്യാനിച്ചും നിർദ്ദിഷ്ടമായ ജോലികൾ നിർവഹിച്ചുമാണ് അവൾ സമയം ചെലവഴിച്ചത്. ഒരു നിമിഷം നാം ദൈവസന്നിധിയിൽ എത്രമാത്രം തത്പരരാണെന്ന് ചിന്തിക്കാം. ദൈവകൽപനകൾ അനുസരിക്കുന്നതിലും ജീവിതാന്തസ്സിന്റെ ചുമതലകൾ അനുഷ്ഠിക്കുന്നതിലും നമ്മെ ഭരമേൽപ്പിച്ചിട്ടുള്ള ജോലികൾ വിശ്വസ്തതാപൂർവ്വം നിർവഹിക്കുന്നതിലും നാം എത്രമാത്രം തത്പരരാണെന്ന് ആത്മശോധന ചെയ്യുക.

## സംഭവം

വിശ്വവിശ്രുത താത്വികനായിരുന്ന ഷാക്ക് മാരിറ്റൈന്റെ മാനസാന്തരം പരിശുദ്ധ കന്യകയുടെ സ്നേഹത്തിന്റെ ഒരു വിജയമാണെന്നാണ് അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുള്ളത്. മാരിറ്റൈൻ ദമ്പതികൾ സോർബോൺ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളായിരുന്നു. യഹൂദ താത്വികനായ ബെർഗ്സോന്റെ കീഴിലാണ് അവർ അദ്ധ്യയനം നടത്തിയിരുന്നത്. ബെർഗ്സോൺ യഹൂദനായിരുന്നെങ്കിലും കത്തോലിക്കാ വിശ്വാസത്തോടു മതിപ്പുണ്ടായിരുന്നു. 1904 നവംബർ 26ാം തീയതി മാരിറ്റൈൻ വിവാഹിതനായി. അധികം താമസിയാതെ അവർ തികഞ്ഞ കത്തോലിക്ക വിശ്വാസികളായ ബ്ലോയി ദമ്പതികളെ പരിചയപ്പെട്ടു. ലെയോൺ ബ്ലോയി 'ലാസലേറ്റ്' മാതാവിന്റെ വലിയ ഒരു പ്രേഷിതനായിരുന്നു. ബ്ലോയിയും ഭാര്യയും മാരിറ്റൈൻ ദമ്പതികളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നുവെങ്കിലും കത്തോലിക്കാ സഭയിലേക്ക് വരാൻ അവർ വൈമുഖ്യം കാണിച്ചു. വിവാഹാനന്തരം രണ്ടു വർഷം കഴിഞ്ഞപ്പോൾ റീസായ്ക്ക് മാരകമായ ഒരു രോഗം ബാധിച്ചു. മാരിറ്റൈൻ അസ്വസ്ഥചിത്തനായി. ഒരു ദിവസം ബ്ലോയിയുടെ ഹൃദയസ്പർശിയായ ഒരു കത്ത് മാരിറ്റൈന് ലഭിച്ചു. അതിന്റെ സംഗ്രഹമിതാണ്.

എന്റെ ഏറ്റവും പ്രിയപ്പെട്ട, റീസാ, ഞങ്ങൾ നിന്നെ സ്നേഹപൂർവ്വം കൂടെക്കൂടെ അനുസ്മരിക്കുന്നുണ്ട്. ഇന്ന്, അതിരാവിലെ ദിവ്യബലി സമയത്ത് നിനക്കു വേണ്ടി ഞാൻ കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു. എന്റെ ക്ലേശഭ്രയിഷ്ഠമായ ഈ ജീവിതത്തിന് എന്തെങ്കിലും, യോഗ്യത പൂർണമായി ഉണ്ടെങ്കിൽ നിനക്കു ഉടനെ സൌഖ്യം നൽകണമെന്നും അത് ആത്മീയ മഹത്വത്തിനായി സ്വീകരിക്കുമെന്നും ഞാൻ !നമ്മുടെ കർത്താവീശോ മിശിഹായോടും പരിശുദ്ധ കന്യകാമറിയത്തോടും യാചിച്ചിട്ടുണ്ട്. എന്റെ പ്രാർത്ഥന ശ്രവിക്കുവാൻ വേണ്ടി ഞാൻ അശ്രുധാര ധാരാളമായി വർഷിച്ചിട്ടുണ്ട്. നീ സുഖം പ്രാപിക്കുകയും വലിയ ആനന്ദം അനുഭവിക്കുകയും ചെയ്യും. കുറെ ദിവസങ്ങൾക്കു ശേഷം മിസ്സിസ് ബ്ലോയി രോഗാതുരയായ റീസായെ സന്ദർശിച്ചു. അവൾ റീസായോടു പറഞ്ഞു: 'ഞാൻ, പരിശുദ്ധ കന്യകയുടെ രൂപം തരുന്നു, നീ ശക്തമായി പ്രാർത്ഥിക്കുക' രോഗിണി തന്റെ സ്നേഹിതയുടെ അതിരുകടന്ന പ്രസ്താവനയിൽ അസ്വസ്ഥചിത്തയായി. എങ്കിലും ഒന്നും പറഞ്ഞില്ല. മൗനം സമ്മത ലക്ഷണമായി പരിഗണിച്ച് ജിൻ ബ്ലോയി മാതാവിന്റെ രൂപം റീസായുടെ കഴുത്തിൽ അണിയിച്ചു. റീസായ്ക്ക് ഒരു സന്തോഷം ലഭിക്കുകയും ഉടനെ തന്നെ നിദ്രയിൽ ലയിക്കുകയും ചെയ്തു. ആ നിമിഷം മുതൽ അവൾ സുഖം പ്രാപിച്ചു തുടങ്ങി.
ഇതിനകം തന്നെ യുക്തിവാദിയായി തീർന്ന മാരിറ്റൈൻ, ഭാര്യയുടെ അത്ഭുതകരമായ സുഖപ്രാപ്തിയോടുകൂടി കത്തോലിക്കാ വിശ്വാസത്തിലേക്ക് വന്നു. ലോകം മുഴുവൻ പരിശുദ്ധ

